സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

e-mail:doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)
നം.കെ എസ് എ-ഇ കെ എം (പി4 ) 297/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in
തീയതി.01.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,
അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം :അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

.

നം KSA-EKM (പി.4) 297/2019 തിയതി: 01 .03.2019

എറണാകുളംജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 3.01.2019വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടു ണ്ട്. ഇതിൽ 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ജയ സി.ആർ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 4.1.2019 മുതൽ 19.1.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ ഹരീഷ് ബാബു എൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ ടിനു കെ.ജെ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി നീതു അനു | 1.4.2017 | 31.3.2018 |
| വൈസ് പ്രസിഡന്റ് | ശ്രീ ഇ.എസ്. അശോകൻ | 1.4.2017 | 31.3.2018 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീമതി നിജ ഷാജി | 1.4.2017 | 31.3.2018 |
| ക്ഷേമകാര്യം | ശ്രീ ടിജോ ജോസഫ് | 1.4.2017 | 8.1.2018 |
| ക്ഷേമകാര്യം | ശ്രീ ഇ.എസ്.അശോകൻ | 28.2.2018 | 31.3.2018 |

| | | | |
|---|---|---|---|
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതി ജാൻസി പൗലോസ് | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ എം. എൻ. ഹരികുമാർ | 1.4.2017 | 5.8.2017 |
| | ശ്രീ സി.മണികണ്ഠൻ | 6.8.2017 | 31.3.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീ ബെഷി വി.ജി | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി, ചുള്ളി | ഡോ.അനുപമ വിജയൻ | 1.4.2017 | 24.4.2017 |
| | ഡോ.സെറിൻ കുര്യാക്കോസ് | 25.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.മഞ്ജു ജോൺ | 1.4.2017 | 31.3.2018 |
| ഹോമിയോ ഡിസ്പെൻസറി | ഡോ. അമ്പിളി കെ.എസ്. | 1.4.2017 | 31.3.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി നഫീസ | 1.4.2017 | 31.3.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (അയ്യമ്പുഴ) | റെജി ടി.ആർ | 1.4.2017 | 31.3.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചുള്ളി) | ശ്രീ സുമേഷ് എ.വി. | 1.4.2017 | 31.3.2018 |
| വെറ്ററിനറി സർജൻ | ഡോ.ജോമോൻ ചെറിയാൻ | 1.4.2017 | 31.3.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി സൗമ്യ പി. | 1.4.2017 | 12.5.2017 |
| | ശ്രീ കൃഷ്ണരാജ് | 13.5.2017 | 30.6.2017 |
| | ശ്രീമതി സൗമ്യ പി. | 1.7.2017 | 1.9.2017 |
| | ശ്രീമതി ശ്രീജ ജി.എസ്. | 2.9.2017 | 31.3.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ഗോപകുമാർ എ. | 1.4.2017 | 31.3.2018 |
| ഹെഡ് മിസ്ട്രസ്, GUPS ചുള്ളി | ശ്രീമതി മോളി കെ.പി. | 1.4.2017 | 31.3.2018 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |

| | | | |
|---|---|---|---|
| 12 | ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 | |
| | ഭാഗം 2 | | |
| 13 | തൊഴിൽ നികുതി - ഈടാക്കാത്തത് | 2-1 | |
| | ഭാഗം- 3 | | |
| 14 | സെന്റേജ് ചാർജ് അധികം നൽകി | 3-1 | |
| 15 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 3-2 | |
| 16 | കന്നുകുട്ടി പരിപാലനം-അപാകതകൾ | 3-3 | |
| 17 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മാ ഉറപ്പു വരുത്തുന്നില്ല. | 3-4 | |
| 18 | അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്. | 3-5 | |
| 19 | തെരുവ് വിളക്കുകളുടെ പരിപാലനം - ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. | 3-6 | |
| 20 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അർഹമായ നിരക്കിൽ നൽകിയില്ല. | 3-7 | |
| 21 | ടെണ്ടർ നടപടികളിലെ അപാകത | 3-8 | |
| 22 | കാലിത്തീറ്റ ലഭിച്ചതിന്റെ വിവരം ഹാജരാക്കിയിട്ടില്ല | 3-9 | |
| 23 | ആദായ നികുതി ഈടാക്കിയില്ല | 3-10 | |
| 24 | ഗ്രോ ബാഗ് വിതരണം ചെയ്തതിലെ അപാകതകൾ | 3-11 | |
| 25 | രാസവളം,കുമ്മായം എന്നിവ വിതരണം ചെയ്തതിലെ അപാകതകൾ | 3-12 | |
| 26 | സാംസ്കാരിക നിലയത്തിന് സ്ഥലം വാങ്ങിയതിലെ അപാകത സംബന്ധിച്ച് | 3-13 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 28 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 34 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |

| | | | |
|---|---|---|---|
| 1 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | അനുബന്ധം.2 | |
| 2 | ബാലൻസ് ഷീറ്റ് | അനുബന്ധം.3 | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 | |
| 4 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.5 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2017-18 ലേക്കുള്ള ബജറ്റ് 29.3.2017 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 12.3.2018 തിയതിയിലെ 20-ാംനമ്പർ തീരുമാനം പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 28.4.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 12.6.2018 & 13.6.2018 | KSA EKM(PG)1786(7)/18 /29.8.2018 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ് , ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9566179 |
| വരവ് | 54552579 |
| ആകെ | 64118758 |
| ചെലവ് | 56436735 |
| നീക്കിയിരിപ്പ് | 7682023 |

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീ ക്കി ബാക്കി (RP 40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9304000 | 9304000 | 8776985 | 0 | 527015 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3608795 | 3608795 | 3339405 | 0 | 269390 |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 82967 | 82967 | 77950 | 0 | 5017 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 22546000 | 22546000 | 14069085 | 0 | 8476915 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2591000 | 2591000 | 2591000 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 4369637 | 4369637 | 4351062 | 0 | 18575 |
| കെ. എൽ. എസ്. ജി. ഡി. പി | 0 | 1272653 | 1272653 | 1269411 | 0 | 3242 |
| എം.എൻ ആർ.ഇ. ജി.എസ്. | 9964 | 969008 | 978972 | 975785 | 3187 | 0 |
| സഹകരണ ബാങ്ക് EMS | 2934322 | 118546 | 3052868 | 0 | 3052868 | 0 |
| SBI, jbp | 55997 | 2086 | 58083 | 0 | 58083 | 0 |
| സഹകരണ ബാങ്ക് (current a/c) | 0 | 507556 | 507556 | 73433 | 434123 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | 3097178 | 5420000 | 8517178 | 7793532 | 723646 | 0 |
| ട്രഷറി | 659072 | 521507 | 1180579 | 2031593 | -851014 | 0 |
| സഹകരണ ബാങ്ക് അയ്യമ്പുഴ | 2603972 | 23726213 | 26330185 | 23620575 | 2709610 | 0 |
| സഹകരണ ബാങ്ക്, സാംസ്കാരിക നിലയം | 0 | 350116 | 350116 | 345270 | 4846 | 0 |
| ട്രഷറി ജോയിന്റ് വെഞ്ചർ | 205674 | 4727150 | 4932824 | 3450674 | 1482150 | 0 |
| ബി. ഫണ്ട് | 0 | 331060 | 331060 | 331060 | 0 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്.എണ്ണം | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 159 | 64679404 | 78 | 36879844 | 39 | 42 | 73.58 |

.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 9964 | 969008 | 978972 | 975784.50 | 3187.50 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 23203679 | 23203679 | 23203679 | 0 |
| ആകെ | 9964 | 24172687 | 24182651 | 24179463.5 | 3187.50 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7200 | 10 |
| കർഷകതൊഴിലാളി പെൻഷൻ | 2627000 | 234 |
| വിധവാപെൻഷൻ | 6318400 | 533 |
| വാർദ്ധക്യകാല പെൻഷൻ | 20156800 | 1650 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2257400 | 190 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 294200 | 24 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.1.2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 84190 /- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1. മോണിറ്ററിംഗിലൂടെയാണ് ഏതൊരു പ്രൊജക്ടിന്റേയും ജയപരാജയങ്ങൾ കൃത്യമായി വിലയിരുത്തുന്നത് പഞ്ചായത്തിലെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് സമയബന്ധിതമായി നടപ്പിലാക്കുന്നില്ല. പ്രൊജക്ടുകളിൽ കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതാണ്.

2.ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ സൂചികയിൽ ഫയലുകളുടെ വിവരങ്ങൾ ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല.

3. ബിറ്റുമിൻ ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളിൽ ബിറ്റുമിന്റെ ബിൽ വാങ്ങി സൂക്ഷിക്കുന്നില്ല. കരാറുകാരിൽ നിന്നും ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഫൈനൽ ബിൽ തുക അനുവദിക്കുന്നതിന് മുൻപ് ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്.

4. പഞ്ചായത്ത് കെട്ടിടത്തിൽ പോസ്റ്റ് ഓഫീസ് വാടകക്ക് പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രതിമാസ വാടക 120/- രൂപയാണ്. കാലോചിതമായ വാടക വർദ്ധനവ് വരുത്താവുന്നതാണ്.

5) രസീത് ബുക്കുകൾ

നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയ രസീത് ബുക്കുകളിൽ സർട്ടിഫിക്കേഷൻ ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയത് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6.12.2018 | 11/2018 | 10.1.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.11.2014 | 2009-10 മുതൽ 2013-14 വരെ | 14.1.2015 |

## 1-12 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ അനുബന്ധം 1 ന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി - ഈടാക്കാത്തത്

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|
| ബി.എസ്.എൻ.എൽ | I &II |
| പി.സി.കെ. വെറ്റിലപ്പാറ ഓയിൽ പാം എസ്റ്റേറ്റ് | I &II |
| KSEB, സബ്സ്റ്റേഷൻ, ചുള്ളി | I &II |
| ക്ഷീര സഹകരണ സംഘം, അയ്യംപുഴ | I &II |
| അമലാപുരം ക്ഷീര സഹകരണ സംഘം, അയ്യംപുഴ | I &II |
| വെറ്റിലപ്പാറ ക്ഷീര സഹകരണ സംഘം, | I &II |
| കണ്ണിമംഗലം ക്ഷീര സഹകരണ സംഘം | I &II |
| അതിരപ്പിള്ളി ക്ഷീര സഹകരണ സംഘം | I &II |
| ചുള്ളി ക്ഷീര സഹകരണ സംഘം | I &II |
| നടുവട്ടം ക്ഷീര സഹകരണ സംഘം | I &II |

.

കൂടാതെ മേൽ കൊടുത്തിരിക്കുന്ന ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ബി.എസ്.എൻ.എൽ, കെ.എസ്.ഇ.ബി., പി.സി.കെ, വെറ്റിലപ്പാറ ഓയിൽ പാം എസ്റ്റേറ്റ് എന്നിവിടങ്ങളിൽ കൊടുക്കൽ വാങ്ങൽ നടക്കുന്നില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. ഈ മറുപടി നിലനിൽക്കുന്നതല്ല. ഈ സ്ഥാപനങ്ങൾ വാണിജ്യപരമായ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നവയാണ്. ക്ഷീരോൽപാദക സംഘങ്ങളിൽ തുച്ഛമായ വരുമാനം എന്നാണറിയിച്ചിരിക്കുന്നത്. എന്നാൽ ഇപ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും വരുമാനത്തിനനുസരിച്ചുള്ള സ്ഥാപന തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ക്ഷീര സംഘങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി അസസ്സ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ

നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെന്റേജ് ചാർജ് അധികം നൽകി

| പ്രോജക്ട് നം/ പേര് | S0046/18, മൂലേപ്പാറ പമ്പ് ഹൗസിൽ നിന്നുള്ള പമ്പിംഗ് ലൈൻ സ്ഥാപിക്കൽ | S00109/18, മൂലേപ്പാറ കുടിവെള്ള പദ്ധതി-അറ്റകുറ്റപ്പണി | S0053/18, വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ |
|---|---|---|---|
| അടങ്കൽ | 1580000/- | 929250/- | 400000/- |
| ചെലവ് | 1580000/- ബിൽ നം. 29/17-18/ 06.01.18 | 929250/- ബിൽ നം. 27/17-18/ 27.10.17 | 400000/- ബിൽ നം. 36/17-18, 27.01.18 |

സെക്രട്ടറി നടപ്പാക്കിയ മേൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ താഴെപറയുന്ന ന്യൂനത കാണുന്നു.

.

ഗ്രാമപഞ്ചായത്തിലെ മൂലേപ്പാറ പമ്പ് ഹൗസിൽ നിന്നുള്ള പമ്പിംഗ് ലൈൻ സ്ഥാപിക്കുന്നതിനും,മൂലേപ്പാറ കുടിവെള്ള പദ്ധതി -അറ്റകുറ്റപ്പണിയ്ക്കും, വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനും ആയി കേരള വാട്ടർ അതോറിറ്റിയ്ക്ക് തുക നൽകിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി മാന്വൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമായതിനാൽ എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജ്ജും 2.5% എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജായി ഈടാക്കാവുന്നതാണ്. എന്നാൽ പി.ഡബ്ല്യു.ഡി മാന്വൽ 1601.4 Deposit Works പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. ആയതിനാൽ 10% ആണ് സെന്റേജ് ചാർജായി നൽകാവുന്നത്. മേൽ പ്രോജക്ടിൽ താഴെപറയുന്നപ്രകാരം 12.5% സെന്റേജ് ചാർജ് നൽകിയിട്ടുണ്ട് . തൻമൂലം പഞ്ചായത്തിന് താഴെപറയും പ്രകാരം 64470/- രൂപ അധികം ചെലവുണ്ടായി.

| | മൂലേപ്പാറ പമ്പ് ഹൌസിൽ നിന്നുള്ള പമ്പിംഗ് ലൈൻ സ്ഥാപിക്കൽ | മൂലേപ്പാറ കുടിവെള്ള പദ്ധതി-അറ്റകുറ്റപ്പണി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ |
|---|---|---|---|
| നികുതികൾ ഒഴികെ വാട്ടർ അതോറിറ്റിയ്ക്ക് നൽകിയതുക | 1396140.38 | 826000 | 356639.71 |
| നൽകിയ സെന്റേജ് ചാർജ് (12.5%) | 174518 | 103250 | 44580 |
| നൽകാവുന്നത് (10%) | 139614 | 82600 | 35664 |
| അധികം നൽകിയത് | 34904 | 20650 | 8916 |

ആകെ 64470/- ( 34904 + 20650 + 8916) രൂപ അധികം നൽകാനിടയായ സാഹചര്യം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നമ്പർ 1/10.01.2019) മുഖാന്തിരം ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയതിനു ശേഷമാണ് 12.5% സെന്റേജ് ചാർജ് നൽകിയതെന്നും, തദ്ദേശ സ്വയം ഭരണ വകുപ്പ് 16.04.2018ൽ 1069/18 നമ്പരായി പുറപ്പെടുവിച്ച ഉത്തരവിലാണ് ഡെപ്പോസിറ്റ് പ്രവൃത്തികളിൽ നിന്നും സെന്റേജ് ചാർജ് ഈടാക്കേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുള്ളതെന്നും വിശദീകരിച്ചു. എന്നാൽ മേൽ ഉത്തരവിന് മുൻപ് തന്നെ പി.ഡബ്ല്യു.ഡി മാന്വൽ

1601.4 Deposit Works പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല എന്ന നിർദ്ദേശം ഉള്ളതിനാൽ ആയത് നൽകേണ്ടതില്ല. ആയതിനാൽ സെന്റേജ് ചാർജിനത്തിൽ അധികമായി നൽകിയ 64470/-രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കുകയോ, അടുത്ത ബില്ലിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-2 വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് തുക നൽകിയെങ്കിലും വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ആകെ നൽകിയ 2679280/- രൂപയുടെ ചെലവ് വിനിയോഗ വിവരമാണ് ലഭ്യമാക്കാത്തത്.

| പ്രോജക്ട്നം/ പേര് | 23/17-18 എസ്.എസ്. എ വിഹിതം നൽകൽ | S0046/18, മൂലേപ്പാറ പമ്പ് ഹൗസിൽ നിന്നുള്ള പമ്പിംഗ് ലൈൻ സ്ഥാപിക്കൽ | S00109/18, മൂലേപ്പാറ കുടി വെള്ള പദ്ധതി-അറ്റ കുറ്റപ്പണി |
|---|---|---|---|
| അടങ്കൽ | 170030 | 1580000/- | 929250/- |
| ചെലവ് | 170030 | 1580000/- | 929250/- |
| ബിൽ നം./ തീയതി | 4/17-18, 21.07.2017 | 29/17-18, 06.01.18 | 27/17-18, 27.10.17 |
| റിമാർക്സ് | മോണിട്ടറിംഗ് റിപ്പോർട്ടില്ല | പണി പൂർത്തീകരിച്ച വിവരമില്ല. പി.എച്ച്ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, ആലുവ, എക്സി. എഞ്ചിനീയറുമായി 15.11.2017ൽ ചമച്ച കരാർ പ്രകാരം പ്രവൃത്തി 25.05.2018ൽ പൂർത്തീകരിക്കും എന്ന് സമ്മതിച്ചുവെങ്കിലും നാളിതു വരെയും പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് 19.07.2018ൽ വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയർക്ക് നൽകിയ എ3-540/17നമ്പർ കത്തിലും പ്രവൃത്തി എത്രയും വേഗം പൂർത്തീകരി ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പണി പൂർത്തീകരിച്ച വിവരമില്ല | |

പണി പൂർത്തീകരിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.2/10.01.2019)ലഭിച്ച മറുപടിയിൽ മേൽ പ്രവൃത്തികളുടെ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് വാട്ടർ അതോറിറ്റി അറിയിച്ചിട്ടുള്ളതായി വിശദീകരിച്ചു. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 2679280/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 കന്നുകുട്ടി പരിപാലനം-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | SO96/18, |
| പ്രോജക്ട് | കന്നുകുട്ടി പരിപാലനം വനിതകൾക്ക് |
| അടങ്കൽ | 1725000 |
| ചെലവ് വിവരം | 431250,ബിൽ നം.തീയതി- 6/17-18, 27.01.18 |

ഇൻഷ്വർ ചെയ്ത 69 കന്നുകുട്ടികൾക്ക് പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതം (@ 6250) ജില്ലാ മൃഗ സംരക്ഷണ ഓഫീസറായ ഡെപ്യൂട്ടി ഡയറക്ടർക്ക് നല്കിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിനു

രസീതിയോ, ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല. GO (MS)11/2001 /AHD/20-1-2001 പ്രകാരം നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയ്ക്ക് ജി.ഒ.(എം.എസ്) 183/2007/തസ്വഭവ. തി.24-7-2007 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഭേദഗതി ഖണ്ഡിക താഴെ ചേർക്കുന്നു.

5.4 Special Livestock Breeding Programme .

Village Panchayats and urban local governments may contribute the subsidy from their development fund to the beneficiaries of Special Livestock Breeding Programme.

(a) The funding pattern per unit should be at the rate of Rs. 3250 by State Government, Rs. 3250 by local Government and Rs. 6500 by beneficiaries.

(b) The subsidy from the local government should be initially limited only to BPL families of general sector as well as SC / ST beneficiaries. If the coverage is achieved, the benefits of the scheme can be extended to APL families with prior approval of Government.

(c) The selection of beneficiaries under the scheme should be strictly in accordance with the norms and procedure laid down for selection of individual beneficiaries by local governments.

(d) Initially the State Government should release the subsidy to the Veterinary Surgeon (implementing officer) under intimation to the local government concerned. Thereafter, the local government would transfer its share to the implementing officer.

ഈ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ഭേദഗതിയിൽ, ഈ പദ്ധതിയ്ക്കുള്ള സബ്സിഡിയുടെ സംസ്ഥാന വിഹിതം ആദ്യം നിർവഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജന് നൽകേണ്ടതും, അപ്രകാരം തുക നല്കിയ വിവരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിനു ശേഷമാണ് തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം നിർവഹണ ഉദ്യോഗസ്ഥന് കൈമാറേണ്ടതെന്നും തുടർന്ന് നിർദ്ദേശമുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി പ്രൊജക്ടിൽ വകയിരുത്തിയ മൊത്തം തുക മുൻകൂറായി പിൻവലിച്ചതും, ഈ പദ്ധതിയുടെ നിർവഹണത്തിലെ ഒരംഗമല്ലാത്ത ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയതും ക്രമത്തിലല്ല. നിയമാനുസൃത രസീതിയും തുക പൂർണ്ണമായി ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം (നം.10/11.01.2019)ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതു വരെ 431250/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 <u>അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ ഉറപ്പു വരുത്തുന്നില്ല.</u>

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2017-18 വർഷത്തിൽ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായി മൃദുല ഫുഡ് പ്രൊഡക്ട്സ്, കടാതി, മൂവാറ്റുപുഴ എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. മൃദുല ഫുഡ് പ്രൊഡക്ട്സിൽ നിന്നുള്ള ന്യൂട്രിമിക്സ് സാമ്പിളിന്റെ ഗുണമേന്മാ പരിശോധന റിപ്പോർട്ട് (നം.1264/2017-18 Dtd.06.07.2017) പ്രകാരം ഇതിന് ഗുണമേന്മാസൂചകങ്ങളിൽ നിഷ്കർഷിച്ച രീതിയിലുള്ള ഗുണമേന്മയുള്ളതായി കാണുന്നില്ല.

| Quality characteristics | Test result | Prescribed standard |
|---|---|---|
| Ash insoluble in dilute HCl (on dry basis) | 2.40% | Not more than 0.1 % by weight. |
| Moisture | 4.90% | Not more than 1% by weight |

പരിശോധനാ റിപ്പോർട്ടിൽ മൃദുല ഫുഡ് പ്രൊഡക്ട്സിൽ നിന്നും പരിശോധനക്കയച്ച സാമ്പിളിന്റെ ഗുണനിലവാരത്തെ കുറിച്ച് ഫുഡ് അനലിസ്റ്റ് താഴെ പറയുന്ന പ്രകാരമാണ് റിപ്പോർട്ട് നൽകിയിട്ടുള്ളത്.

“The said sample does not conform to the standards prescribed for processed cereal based complimentary food falling under Regulation 2.1.9:4 of Food sefety and standards regulations, 2011 and is there for as per section 3(1)(zx) of Food safety and standards Act, 2006. Also reported that the said sample is labelled in accordance with the requirement Regulations 2.2.1.7 of Food Safety and Standards (Packaging and labelling) Regulations 2011 and is there for misbranded as per section 3(1)(zf) C(i) of Food safety and standards Act, 2006.

പരിശോധനാ റിപ്പോർട്ടിൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്ഥാപനം സ്വീകരിച്ചിട്ടുണ്ടോ, തുടർന്ന് സാമ്പിൾ പരിശോധന നടത്തി ആവശ്യമായ ഗുണമേന്മയുണ്ടോ എന്നിവ ഉറപ്പുവരുത്തിയിട്ടുണ്ടെങ്കിൽ ആയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.9/11.01.2019) മുഖാന്തിരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മേൽ നിഷ്കർഷിച്ചിട്ടുള്ള ഉത്തരവുകൾക്കും പരിശോധനകൾക്കും വിധേയമായി പോഷകാംശം നിറഞ്ഞതും മാലിന്യ മുക്തവുമായ ഭക്ഷ്യമിശ്രിതം അങ്കണവാടി കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-5 അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0084/18 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 200000 |
| ചെലവ് തുക, ബിൽ നമ്പർ/തീയതി | 200000, 58/17-18/ 30.03.18 |

ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 5ൽ 47-ാം നമ്പർ അങ്കണവാടി നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. ആയതനുസരിച്ച് അങ്കണവാടി നിർമ്മിക്കുന്നതിനായി മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ, തിരുവനന്തപുരത്തിന്റെ ടി.എസ്.ബി. അക്കൗണ്ടിലേക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം നാളിതു വരെയും ഹാജരാക്കിയിട്ടില്ല. അത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.4/10.01.2019) മുഖാന്തിരം ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ അങ്കണവാടി കെട്ടിടനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചു. നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 തെരുവ് വിളക്കുകളുടെ പരിപാലനം-കെ.എസ്.ഇ.ബിയിൽ നിന്നും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിട്ടിയില്ല.

| | |
|---|---|
| പ്രോജക്ട്, പ്രോജക്ട് നമ്പർ | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, എസ് 0026/18 |
| നിർവ്വഹണം | സെക്രട്ടറി |

| | |
|---|---|
| കരാറുകാരന് നൽകിയ തുക | 390328/- |
| ബിൽ നമ്പർ/തീയതി | 42/17-18, 19.02.2018 |

ഭരണസമിതിയുടെ 07.10.2017 ലെ 2 (8) തീരുമാനപ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ഇക്കോമെറ്റ് എനർജി സൊല്യൂഷൻസ്, പെരുമ്പാവൂർ എന്നസ്ഥാപനത്തിന്റെ വിളക്കൊന്നിന് 2279/- രൂപയുടെ ടെണ്ടർ അംഗീകരിക്കുകയും 07.11.2017 ന് ഇത് സംബന്ധിച്ച് രണ്ട് വർഷക്കാലയളവിലേക്ക് മേൽ സ്ഥാപനവുമായി 3/17-18 പ്രകാരം ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെടുകയും ചെയ്തു. ഈ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)24 Wattsന്റെ 173 LED ബൾബ് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ഈ പ്രോജക്ടിൽ ഇക്കോമെറ്റ് എനർജി സൊല്യൂഷൻസ്, പെരുമ്പാവൂരിന്റെ ബിൽ പ്രകാരം 390328/-രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത വിളക്കുകൾ സ്ഥാപിച്ചതായി കെ.എസ്.ഇ.ബിയിൽ നിന്നും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിട്ടിയില്ല.
2) 07.11.2017 ന് ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെടും മുമ്പേ സംയുക്തപരിശോധന നടത്തി വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.
3) 01.06.2016ലെ അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ,മഞ്ഞപ്രയുടെ റിപ്പോർട്ട് പ്രകാരം 39 എണ്ണം സാധാരണ ബൾബുകൾ ആണ്. ഈ വിളക്കുകളും ഒന്നിന് 2279/- രൂപ പ്രകാരം എ.എം.സി യിലുൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.
4) എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടു കൂടിയ ഓട്ടോമാറ്റിക്ക് തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് ത.സ്വ.ഭ.വകുപ്പിന്റെ 12.03.2013ലെ 65529/DC3/12 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചതായി കാണുന്നില്ല.
5) തെരുവ് വിളക്കുകളുടെ ചാർജ്ജ് ഇനത്തിൽ 2017 ഏപ്രിൽ മുതൽ പ്രതിമാസം 39256/- രൂപ വീതം നൽകിയിട്ടുണ്ട്. 2017 ജൂൺ മാസം മുതൽ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് പുതുക്കി നിശ്ചയിച്ചതായി കെ എസ് ഇ ബി അറിയിച്ചതനുസരിച്ച് പ്രതിമാസം 58840/- രൂപ വീതം അടച്ചിട്ടുണ്ട് (ആകെ 694409/- രൂപ). 01.06.2016 ലെ കെ എസ് ഇ ബി മഞ്ഞപ്ര അസിസ്റ്റന്റ് എഞ്ചിനീയറുടെ BB/ MJA/STL/2017-18 കത്ത് പ്രകാരം താഴെപ്പറയുന്ന സ്ട്രീറ്റ് ലൈറ്റുകളാണ് പഞ്ചായത്തിൽ നിലവിലുള്ളത്.

| വിളക്കിന്റെ തരം | എണ്ണം |
|---|---|
| സിംഗിൾ ട്യൂബ്(40W) | 265 |
| ഡബിൾ ട്യൂബ്(40x2) | 60 |
| ഓർഡിനറി ബൾബ് | 39 |
| സി എഫ് എൽ(2x11watts) | 948 |

മേൽ പരാമർശിച്ച പ്രകാരം തെരുവ് വിളക്കുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് (സ. നം, 65529/ഡി സി 3/ ത സ്വ ഭ വ 12.03.13 ലെ നിർദ്ദേശ പ്രകാരം) വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. അപാകതകൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.7/11.01.2019) തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ സർട്ടഫിക്കറ്റ് വൈദ്യുതി ബോർഡിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും, തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതാണെന്നും, സംയുക്ത പരിശോധന നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചു. മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-7 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അർഹമായ നിരക്കിൽ നൽകിയില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ/പ്രോജക്ട് | S0058/18, ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | 800000 |

| | |
|---|---|
| ചെലവ് വിവരം/ബിൽ /ചെക്ക് നം, തീയതി | 1)400000 (വികസനഫണ്ട്) -8/17-18/ 16.12.17<br>2) 200000 (ജില്ലാ പഞ്ചായത്ത്)-3648903/ 17.01.18<br>3)145000 (ബ്ലോക്ക് പഞ്ചായത്ത്)-3648906/ 08.03.18 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിൻ കീഴിൽ ഭിന്നശേഷിയുള്ള 43 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 745000 രൂപ ചെലവഴിച്ചിട്ടുണ്ട്. 43ൽ 25 പേർ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളാണ്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 80/2017/തസ്വഭവ/03.04.2017 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന സ്കോളർഷിപ്പ് തുക താഴെക്കൊടുക്കുന്നു.

| ഇനം | സ്കോളർഷിപ്പ്/ബത്ത | |
|---|---|---|
| | പ്രതിമാസം | വാർഷികം |
| സ്കോളർഷിപ്പ് | 1000 | 12,000 |
| വസ്ത്രങ്ങൾക്കുള്ള ബത്ത | - | 1,500 |
| പഠനസഹായികൾക്ക്/ വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത | - | 2,000 |
| ഡേ സ്കോളർക്ക് യാത്രാബത്ത | 1000 | 10,000 |
| ഉല്ലാസ യാത്രാചെലവുകൾ | - | 1000 |
| ആകെ | | 26,500 |

25144 രൂപ വീതമാണ് മാനസിക വെല്ലുവിളികൾ നേരിടുന്ന 25വിദ്യാർത്ഥികൾക്കും നൽകിയിട്ടുള്ളത്.

| നൽകിയ തുക | നൽകേണ്ട തുക | കുറവ് |
|---|---|---|
| 25144 X 25 =628600 | 26500 X 25 = 662500 | 33900 |

കൂടാതെ 17.08.16ലെ 2465/2016/തസ്വഭവ നമ്പർ ഉത്തരവിൽ ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. രജിസ്റ്റർ സൂക്ഷിക്കാത്തതിന്റെ വിവരവും, വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് നൽകാതിരുന്നതും വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നതാണെന്നും, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വകയിരുത്തിയ വിഹിതം ലഭിക്കാത്തതു കാരണമാണ് ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികൾക്കും അർഹമായ രീതിയിൽ സ്കോളർഷിപ്പ് തുക നൽകുവാൻ കഴിയാതിരുന്നതെന്ന് വിശദീകരിച്ചു. ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരം അടങ്ങുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും, ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികൾക്കും അർഹതപ്പെട്ട സ്കോളർഷിപ്പ് തുക നൽകേണ്ടതുമാണ്.

## 3-8 ടെണ്ടർ നടപടികളിലെ അപാകത സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് നമ്പർ/ പ്രോജക്ടിന്റെ പേര് | S0133/18 അങ്കണവാടികളിലേക്ക് പാചക സാമഗ്രികളും ഫർണ്ണീച്ചറും വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| അടങ്കൽ | 229285 |
| നൽകിയ തുക | 167254 (നികുതികൾ ഉൾപ്പെടെ),ബിൽ നമ്പർ/തീയതി -15/17-18, 21.03.18 |

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലേക്ക് പാചക സാമഗ്രികളും ഫർണ്ണീച്ചറും വാങ്ങുന്നതിനു വേണ്ടി ആവിഷ്കരിച്ച പ്രോജക്ടാണിത്. ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ സംഭവിച്ച

അപാകതകൾ താഴെ ചേർക്കുന്നു.

ഫർണ്ണീച്ചർ വാങ്ങുന്നതിനു വേണ്ടി പത്രപ്പരസ്യം നടത്തുകയും ആയതിൻ പ്രകാരം 2 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. ഐക്കോൺ സെല്യൂഷൻസ്, മാമംഗലം, പാലാരിവട്ടം, ദീപം എന്റർപ്രൈസസ്, മാമംഗലം, പാലാരിവട്ടം എന്നീ സ്ഥാപനങ്ങളാണ് ക്വട്ടേഷനുകൾ സമർപ്പിച്ചത്. എന്നാൽ സ്ഥാപനങ്ങൾ ഓരോ ഇനത്തിനും ക്വോട്ട് ചെയ്ത നിരക്കുകൾ വിശദമായി പരിശോധിക്കാതെയും താരതമ്യ പത്രിക തയ്യാറാക്കാതെയും ഫർണ്ണീച്ചർ വാങ്ങിയതിലൂടെ പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്. ടെണ്ടർ സമർപ്പിച്ച ഐക്കോൺ സെല്യൂഷൻസ്, മാമംഗലം, പാലാരിവട്ടം എന്ന സ്ഥാപനം ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനാൽ ഈ സ്ഥാപനത്തിന്റെ ടെണ്ടർ നിരസിച്ചു. താരതമ്യേന കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ദീപം എന്റർപ്രൈസസ്, പ്ലാസ്റ്റിക് കസേര (കൈയുള്ളത്) യ്ക്ക് നൽകിയ ക്വട്ടേഷന്റെ താരതമ്യ പത്രിക ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| പ്ലാസ്റ്റിക്ക് കസേര (കയ്യുള്ളത്) | 347 എണ്ണം | 482 (Nilkamal)x347= 167254 | 420 (Prima) x347=145740 | 390 (Esquire)x 347= 135330 |

മേൽ സൂചിപ്പിച്ചതിൽ Nilkamal എന്ന ബ്രാൻഡിലുള്ള കസേര മാത്രമാണ് വാങ്ങിയത്. എന്നാൽ Prima, Esquire എന്നീ ബ്രാൻഡിലുള്ള കസേരകൾ വാങ്ങിയിരുന്നുവെങ്കിൽ കുറഞ്ഞ തുക ചെലവഴിച്ച് ഫർണ്ണീച്ചർ വാങ്ങിക്കുവാൻ കഴിയുമായിരുന്നു. അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.14/11.01.2019) മുഖാന്തിരം ആവശ്യപ്പെട്ടതിന് പർച്ചേസ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായിട്ടാണ് Nilkamal എന്ന ബ്രാൻഡിലുള്ള കസേര വാങ്ങിയത് എന്ന് വിശദീകരിച്ചു. എന്നാൽ Nilkamal ബ്രാൻഡിലുള്ള കസേരയുടെ ഗുണമേന്മ എപ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ല. ഗുണ നിലവാരമുള്ളതും, കുറഞ്ഞ തുകയ്ക്ക് വാങ്ങുവാൻ കഴിയുന്നതുമായ ഇനങ്ങൾ വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-9 കാലിത്തീറ്റ ലഭിച്ചതിന്റെ വിവരം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | S0101/18, കറവപ്പശുക്കൾക്ക് കാലിത്തീറ്റ-വനിതകൾക്ക് |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| അടങ്കൽ | 380760 |
| നൽകിയ തുക | 157410 (നികുതികൾ ഉൾപ്പെടെ) |
| ബിൽ നമ്പർ/തീയതി | 1)70110/-08/17-18,19.02.18<br>2)30000/-11/17-18,27.03.18<br>3)55045/-17/17-18,31.03.18<br>4)2255/-18/17-18,31.03.18 |

ഗ്രാമപഞ്ചായത്തിലെ ചെറുകിട/നാമമാത്ര കർഷകർക്ക് കാലിത്തീറ്റ വാങ്ങി നൽകുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. കറവയുള്ള ഒരു പശുവിന് പരമാവധി 100കിലോ കാലിത്തീറ്റ മാസത്തിൽ 50% സബ്സിഡി നിരക്കിൽ നൽകുന്നതിനായി പ്രോജക്ട് ലക്ഷ്യമിടുന്നു. ഇതനുസരിച്ച് 208 ഗുണഭോക്താക്കൾക്കായി കേരള ഫീഡ്സിൽ നിന്നും 15.45 മെട്രിക് ടൺ കാലിത്തീറ്റ വാങ്ങിയിട്ടുണ്ട്. എന്നാൽ അത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരം ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.13/11.01.2019) ലഭിച്ച മറുപടിയിൽ വിതരണ വിവരം ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. 208 ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-10 ആദായ നികുതി ഈടാക്കിയില്ല

2017-18 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടറുകൾ അംഗീകരിച്ചിട്ടുണ്ട്. സാധനങ്ങൾ സപ്ലൈ ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചപ്പോൾ ആദായ നികുതി (1%) ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | EFMS വഴി നൽകിയ തുക | ബിൽ തീയതി |
|---|---|---|
| കിണർ നിർമ്മാണം വാർഡ്- 6,9,13 (കരാറുകാരൻ-ശ്രീ.ജോയ് വി) | 12283 + 12283 +12283 = 36849 | 16.03.18 |
| സിമന്റ് കട്ട നിർമ്മാണം വാർഡ് – 4,9 (കരാറുകാരൻ-ശ്രീ.ജോയ് വി) | 150033+182710 =332743 | 15.01.18 |
| ആകെ | 369592 | |

മേൽ അപാകതയ്ക്ക് വിശദീകരണം നൽകുവാൻ (ഓഡിറ്റ് എൻക്വയറി നം.12/11.01.2019) ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ആദായ നികുതിയിനത്തിൽ ലഭിക്കുവാനുള്ള 3696/-രൂപ അടവാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചു. ആദായ നികുതിയിനത്തിൽ ലഭിക്കുവാനുള്ള 3696/-രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-11 ഗ്രോ ബാഗ് വിതരണം ചെയ്തതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട്, പ്രോജക്ട് നം. | പച്ചക്കറി കൃഷിയ്ക്ക് വിത്തും ജൈവ വളവും ഗ്രോബാഗും വിതരണം വനിതകൾക്ക് (ജനറൽ), S0122/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ തുക | 100000 |
| ചെലവ് തുക | 1)75000/-ബിൽ നമ്പർ 8/17-18/21.03.2018<br>2)25000/-ചെക്ക് നമ്പർ 2347315/14.03.2018 |

മേൽ പ്രോജക്ടിൽ 125 ഗുണഭോക്താക്കൾക്ക് ഗ്രോബാഗ് വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. അതനുസരിച്ച് സർക്കാർ സ്ഥാപനമായ അഗ്രോ സർവ്വീസ് സെന്റർ, കിടങ്ങൂർ, അങ്കമാലിയിൽ നിന്നും 1250 ഗ്രോബാഗ് വാങ്ങിയിട്ടുണ്ട്. ഒരു ഗ്രോബാഗിന് 80/- രൂപയാണ് നൽകിയിട്ടുള്ളത്. പഞ്ചായത്തീരാജ്/നഗരപാലികാ സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖയിൽ സ.ഉ.(എം.എസ്) 80/2017ത സ്വ ഭ വ തീയതി 03.04.17 പ്രകാരം ഗ്രോബാഗ് ഒന്നിന് പരമാവധി 50/-രൂപ വരെ സബ്സിഡി നൽകാവുന്നതാണ്. ആയതു പ്രകാരം 50x1250=62500/- രൂപയാണ് സബ്സിഡി നൽകാവുന്നത്. എന്നാൽ 75000/- രൂപ സബ്സിഡിയിനത്തിൽ ചെലവഴിച്ചതിനാൽ 12500/-രൂപ (75000-62500) അധികമായി നൽകിയിട്ടുണ്ട് . ഇത് ശരിയായ നടപടിയല്ല. ഈ അപാകത വിശദീകരിക്കുവാൻ (ഓഡിറ്റ് എൻക്വയറി നം.17/17.01.2019) ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ആയതിനാൽ അധികമായി ചെലവഴിച്ച 12500/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 രാസവളം, കുമ്മായം എന്നിവ വിതരണം ചെയ്തതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം,പ്രോജക്ട്. | S0116/18, വാഴകൃഷിയ്ക്ക് രാസവളം,കുമ്മായം വിതരണം (ജനറൽ) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ തുക | 70002 |
| ചെലവ് തുക | 350010/- ബിൽ നമ്പർ 2/17-18/ 06.01.2018 |

മേൽ പ്രോജക്ടിൽ 75 ഗുണഭോക്താക്കൾക്ക് വാഴകൃഷിയ്ക്ക് ആവശ്യമായ രാസവളം, കുമ്മായം എന്നിവ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. രാസവളം, കുമ്മായം എന്നിവ വിതരണം ചെയ്യുന്നതിനായി മാത്രം ഇത്തരത്തിൽ പ്രോജക്ട് നടപ്പാക്കുന്നത് ശരിയായ നടപടിയല്ല എന്ന് മാർഗരേഖയിൽ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിൽ നിന്നും വ്യതിചലിച്ച് പ്രോജക്ട് നടപ്പാക്കിയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം (നമ്പർ 18/17.01.2019) ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. രാസവളം, കുമ്മായം എന്നിവ വിതരണം ചെയ്യുന്നതിന് മാത്രമായി പ്രോജക്ട് നടപ്പിലാക്കാതെ കാർഷിക മേഖലയിലെ പുതിയ മാറ്റങ്ങൾക്ക് അനുസൃതമായും, മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളതു പ്രകാരവും പ്രോജക്ട് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 സാംസ്കാരിക നിലയത്തിന് സ്ഥലം വാങ്ങിയതിലെ അപാകത സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | സാംസ്കാരിക നിലയത്തിന് സ്ഥലം വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 3370444 |
| ചെലവ് തുക | 1)106354<br>2)1624120 |
| ബിൽ നം. | 1)28/17-18,25.10.17<br>2)53/17-18,21.03.18 |

ഭരണ സമിതിയുടെ 14.08.2017ലെ 15(1)തീരുമാനമനുസരിച്ച് ഗ്രാമപഞ്ചായത്തിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന്, വിവിധ വ്യക്തികളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കുറവ് തുക ക്വോട്ട് ചെയ്ത ശ്രീ പോൾ എം.ഒ, അരീയ്ക്കൽ, അയ്യമ്പുഴ എന്ന വ്യക്തിയിൽ നിന്നും 27.81 സെന്റ് സ്ഥലം വാങ്ങുന്നതിന് തീരുമാനിച്ചു. എറ്റവും കുറവ് തുകയായ 1,25,000/-രൂപയാണ് സെന്റിന് ശ്രീ പോൾ എം.ഒ ക്വോട്ട് ചെയ്തത്. പിന്നീട് വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെയും വിപണി വിലയുടെയും അടിസ്ഥാനത്തിൽ ആലുവ തഹസിൽദാർ H3-11419/2017/kdis തീയതി 13.12.2017 കത്ത് പ്രകാരം സെന്റിന് 99262/- രൂപയാണ് വാല്യുവേഷൻ നിർണ്ണയിച്ച് നൽകിയത്. മേൽ പ്രോജക്ട് നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1.2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിയലും)ചട്ടങ്ങളിലെ ചട്ടം 5(സി) പ്രകാരം ഗ്രാമപഞ്ചായത്ത് ആർജിക്കാനുദ്ദേശിക്കുന്ന വസ്തുവിന് നൽകുന്ന വില ബന്ധപ്പെട്ട തഹസിൽദാർ /ജില്ലാ കളക്ടർ രേഖാമൂലം നിശ്ചയിക്കുന്ന വിലയിൽ അധികരിക്കുന്നില്ലെന്ന് ഭരണ സമിതിയും നിർവ്വഹണോദ്യോഗസ്ഥനും ഉറപ്പു വരുത്തേണ്ടതാണ്. ഐക്യകണ്ഠേനയുള്ള ഭരണ സമിതിയുടെ തീരുമാന പ്രകാരം 30% വരെ വില വർദ്ധിപ്പിച്ച് നൽകാവുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 09.02.2018 ലെ 1-ാം നമ്പർ തീരുമാനമനുസരിച്ച് ശ്രീ പോൾ എം.ഒ എന്ന വ്യക്തിയ്ക്ക് 1,24,000/- രൂപ വീതം സെന്റിന് നൽകുന്നതിന് തീരുമാനിക്കുകയാണ് ചെയ്തത്.

2.പഞ്ചായത്ത് ഭരണ സമിതിയുടെ 09.02.2018 ലെ 1(2)-ാം നമ്പർ തീരുമാനമനുസരിച്ച് ഈ പ്രോജക്ടിലേക്ക് ആവശ്യമായ തുക പ്ലാൻ ഫണ്ട് കൂടാതെ പൊതു ജനങ്ങളിൽ നിന്നും സംഭാവനയായി സ്വീകരിക്കുന്നതിന് തീരുമാനിച്ചു. പ്രധാനമായും വ്യവസായ സംരഭകരുടെ Corporate Responsibility Fund വിനിയോഗിച്ച്

നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചത്. അതിനായി അയ്യമ്പുഴ സർവ്വീസ് സഹകരണ ബാങ്കിൽ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ 337196 എന്ന അക്കൗണ്ട് ആരംഭിക്കുകയും ചെയ്തു. വിവിധ വ്യവസായ സംരഭകർ ഈ അക്കൗണ്ടിലേയ്ക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും ആയതിന്റെ വിവരം കൃത്യമായിട്ടല്ല ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടുള്ളത്. രസീത് നൽകാതെ തുക സ്വീകരിച്ചതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.ആയതിനാൽ ഈ അക്കൗണ്ടിൽ വരവായി വന്നിട്ടുള്ള തുകയുടെ കൃത്യതയും വിശദീകരിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി നൽകുവാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടതിന് (നം.3/10.01.2019) ലഭിച്ച മറുപടിയിൽ വാല്യുവേഷൻ തുകയുടെ 25% മാത്രമാണ് അധികരിച്ച് നൽകിയിട്ടുള്ളതെന്നും, പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ആരംഭിച്ച Corporate Responsibility Fund-അക്കൌണ്ടിൽ വ്യവസായ സംരഭകർ തുക നിക്ഷേപിക്കുമ്പോൾ പഞ്ചായത്ത് അക്കൌണ്ടിൽ വരവ് എടുക്കുമ്പോൾ പ്രിന്റ് വരാറില്ല എന്നും, ഈ ആവശ്യത്തിന് തുടങ്ങിയ അക്കൌണ്ടിൽ മുഴുവൻ തുകയും വരവ് വെച്ചിട്ടുള്ളതായും അറിയിച്ചു. എന്നാൽ ആയത് ശരിയായ നടപടിയല്ല. 2011 ലെ പഞ്ചായത്ത് അക്കൌണ്ട്സ് ചട്ടങ്ങളിലെ ചട്ടം20(1), 20(2) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന എല്ലാ വരവുകൾക്കും രസീത് നൽകേണ്ടതാണ്. അത്തരത്തിലൊരു രസീത് നൽകാതെ പൊതുപണം കൈകാര്യം ചെയ്തത് സുതാര്യമായ നടപടിയല്ല. കൂടാതെ സ.ഉ (എം.എസ്) നം 13/2015/ITD തിയതി. 12.05.2015 പ്രകാരം എല്ലാ സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും 5 ലക്ഷത്തിനുമുകളിലുള്ള വാങ്ങലുകൾക്ക് ഇ- പ്രൊക്യൂർമെന്റ് നിർബന്ധമാക്കിയിട്ടുണ്ട്. ഭൂമി വാങ്ങുന്നതിന് ജി.ഒ (എം.എസ്) 9/2008, ത.സ്വ.ഭ.വ 07.01.2008 അനുസരിച്ചുള്ള വ്യാപകമായ പരസ്യം, വാഗ്ദാന പത്രം വാങ്ങൽ , തിരച്ചിൽ സമിതി രൂപീകരണം തുടങ്ങിയ നടപടിക്രമങ്ങൾ പാലിക്കണം. എന്നാൽ മേൽ പദ്ധതിനിർവ്വഹണത്തിൽ ഈ നടപടികളൊന്നും തന്നെ പാലിച്ചിട്ടില്ല.

2000 – ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയ്യൊഴിക്കലും ) ചട്ടങ്ങളിലെ ചട്ടം 5(1) (എ) പ്രകാരം ഉഭയ സമ്മതപ്രകാരം വസ്തു ആർജിക്കാൻ ഉദ്ദേശിക്കുന്ന എല്ലാ സംഗതികളിലും ആർജിക്കാൻ ഉദ്ദേശിക്കുന്ന വസ്തുവിന്റെ മുൻകാല ബാധ്യത തെളിയിക്കുന്നതിനുള്ള 18 വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും വാങ്ങി വസ്തു ബാധ്യത മുക്തമെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 5,00,000 | ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി) | 0 | 5,00,000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 30,00,000 | ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി) | 0 | 30,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 6,82,150 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 0 | 6,82,150 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,45,000 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 1,45,000 | 0 |
| ജില്ലാ പഞ്ചായത്ത് | | 2,00,000 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 2,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 2,00,000 | 0 |

.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 000000339653668 | 400000 | 400000 | 0 |
| KWA | മൂലേപ്പാറ പമ്പ് ഹൗസിൽ നിന്നുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 00000033230470 | 1580000 | 0 | 1580000 |
| ജില്ലാ പ്രൊജക്ട് ഓഫീസർ ,എറണാകുളം | മൂലേപ്പാറ കുടിവെള്ള പദ്ധതി അറ്റകുറ്റപണി | 000000294134282 | 929250 | 0 | 929250 |

പ്രവൃത്തി പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3. മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ (രജിസ്റ്റർ പ്രകാരം) ലഭിച്ച 19768/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ / സ്ഥാപനത്തിന്റെ പേര് | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2014-15 | 3-2 | 10548 | അനപ്രിയ ആർ, AE. | 117020100737/ 11.7.2017 |
| 2015-16 | 2-1 | 6250 | മാനേജർ, എസ്.ബി.ഐ. | 117020400004/ 1.11.2017 |
| | 2-2 | 1950 | മാനേജർ, ബ്ലാക്ക് ഡയമണ്ട് റോക്ക്സ് | 11602101777/ 8.3.2017 |
| | 2-2 | 1020 | മാനേജർ, ബ്ലാക്ക് ഡയമണ്ട് റോക്ക്സ് | 11602101777/ 8.3.2017 |
| | ആകെ | 19768 | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 & 2015-16 | 2-1, 2-2(a), 2-2(b) | 2016-17 | 2-2, 2-1 | തൊഴിൽ നികുതി, വസ്തു നികുതി | 2-2(a) BSNL ന്റെ കത്ത് ലഭ്യമാക്കിയിട്ടുണ്ട് ബാക്കി പരാമർശങ്ങളിൽ തുക ഒടുക്കിയിട്ടുണ്ട്. |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

.

# 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 54552579 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56436735 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡി റ്റിൽ അംഗീകരിക്കാത്ത തുക | 3696 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3123030 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 2679280 | 170030/- ശ്രീ എം.എൻ ഹരികുമാർ, സെക്രട്ടറി<br>2509250/- ശ്രീ സി.മണികണ്ഠൻ, സെക്രട്ടറി |
| 3-3 | 431250 | ഡോ.ജോമോൻ ചെറിയാൻ, വെറ്റിനറി സർജൻ |
| 3-11 | 12500 | ശ്രീ ബെഷി വി.ജി, കൃഷി ഓഫീസർ |
| ആകെ | 3123030 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 3696 | ശ്രീ സി.മണികണ്ഠൻ, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്).റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ജോമോൻ ചെറിയാൻ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് | കോട്ടക്കൽ ഹൗസ്, അങ്കമാലി, എറണാകുളം |
| ശ്രീ മണികണ്ഠൻ സി., സെക്രട്ടറി | സെക്രട്ടറി, അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് | അമ്പാട്ട് ഹൗസ്, മൂക്കന്നൂർ പി.ഒ., മൂക്കന്നൂർ, എറണാകുളം |
| ശ്രീ എം.എൻ. ഹരികുമാർ, സെക്രട്ടറി | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല |

| | | |
|---|---|---|
| ശ്രീ ബെഷി വി.ജി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് | വിരുതൻ കണ്ടത്തിൽ ഹൗസ്, കോടനാട് പി.ഒ., കുറിച്ചിലക്കോട്- 683544 |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1985-86 | എൽ.എഫ്.ഇ (പി5) 256/89/22.05.1989 |
| 1986-87 | എൽ.എഫ്.ഇ (പി5) 518/90/07.12.1990 |
| 1987-88 | എൽ.എഫ്.ഇ (പി5) 666/91/06.05.1991 |
| 1988-891989-90 | എൽ.എഫ്.ഇ (പി7) 172/93/13.05.1994 |
| 1990-911991-92 | എൽ.എഫ്.ഇ (പി7) 1328/94/03.04.1995 |
| 1992-931993-94 | എൽ.എഫ്.ഇ (പി 7) 1376/95/07.11.1995 |
| 1998-99 | എൽ.എഫ്.ഇ (പി4) 319/01/17.07.2001 |
| 1999-2000 | എൽ.എഫ്.ഇ (പി4) 214/02/04.02.2003 |
| 2000-01(ചെലവ്) | എൽ.എഫ്.ഇ (പി4) 209/05/06.10.2005 |
| 2001-02(ചെലവ്) | എൽ.എഫ്.ഇ (പി4) 210/05/06.10.2005 |
| 2001-2002 (വരവ്) | എൽ.എഫ്.ഇ (പി4) 795/07/12.02.2008/05.04/2008 |
| 2002-03 | എൽ.എഫ്.ഇ (പി4) 661/09/15.12.2009/15.03.2010 |
| 2003-04 | എൽ.എഫ്.ഇ (പി4) 662/09/15.12.2009/15.03.2010 |
| 2004-05 | എൽ.എഫ്.ഇ (പി4) 1209/09/04.02.2010/14.05.2010 |
| 2005-06 | എൽ.എഫ്.ഇ (പി4) 1210/09/21.01.2010/04.05.2010 |
| 2006-07 | എൽ.എഫ്.ഇ (പി4) 1211/09/04.07.2010/04.05.2010 |
| 2007-08,2008-09, 2009-10& 2010-11 | എൽ.എഫ്.ഇ(പി4)1390/12/01.09.2012/12/ 10.2012 |
| 2011-12 | എൽ.എഫ്.ഇ(പി4)1636/2013/19.09.2013/ 10.10.2013 |
| 2012-13 & 2013-14 | എൽ.എഫ്.ഇ(പി4)515/2015/28.05.15/16.07.15 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം (പി1) 1248/16/3.8.16/ 6.8.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (പി4) 2246/2016/19.1.17 |
| 2016-17 | നം.കെ.എസ്.എ.ഇകെഎം(പി4) 2034/2017/30.11.17 |

.

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

.

## അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-ഇകെഎം(പി4) 297/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

തീയതി: 01/03/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 295(4) എന്നിവ അനുസരിച്ചും പഞ്ചായത്തുകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - 2

## 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ലൈബ്രറി സെസ്സ് ഇനത്തിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക വസ്തു നികുതി കുടിശ്ശിയുമായി പൊരുത്തപ്പെടുന്നില്ല.

.

ഡെപ്യൂട്ടി ഡയറക്ടർ